REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 31-03-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിൽ വികസന രാഷ്ട്രീയം പ്രചാരണ രംഗത്ത് ഉയർത്തി മുന്നണികളും നേതാക്കളും.
- ഭൂരിപക്ഷ വർഗീയതയും ന്യൂനപക്ഷ വർഗീയതയും ആപത്താണെങ്കിലും സമൂഹത്തിലുണ്ടാക്കുന്ന ഭീഷണിയുടെ തോതിൽ വ്യത്യാസമുണ്ടെന്ന് CPIM ജനറൽ സെക്രട്ടറി MA ബേബി.
- തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ നിയമസഭാ തിരഞ്ഞെടുപ്പ് ഒന്നാം ഘട്ട നാമനിർദ്ദേശ പത്രിക സമർപ്പണം ആരംഭിച്ചു.
- ഗുജറാത്തിലെ ഗാന്ധിനഗറിൽ 'സമ്രാട്ട് സമ്പ്രതി' മ്യൂസിയം പ്രധാനമന്ത്രി നരേന്ദ്ര മോദി നാടിന് സമർപ്പിച്ചു.
- പുതിയ 'ഇൻകം ടാക്സ് ആക്ട് 2025' നാളെ നിലവിൽ വരും.
- നാസയുടെ ചാന്ദ്ര ദൗത്യമായ ആർട്ടെമിസ് II നാളെ വിക്ഷേപിക്കും.

## വാർത്തകൾ വിശദമായി

സംസ്ഥാനം നിയമസഭാ തെരഞ്ഞെടുപ്പ് വോട്ടെടുപ്പിന് സജ്ജമാകവെ വികസന രാഷ്ട്രീയം പ്രചാരണ രംഗത്ത് ഉയർത്തി മുന്നണികളും നേതാക്കളും കൂടുതൽ സജീവമായി. പത്തുവർഷത്തെ വികസന നേട്ടങ്ങൾ എണ്ണിപ്പറഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ എല്ലാ ദിവസവും രാവിലെ മാധ്യമങ്ങളെ അഭിസംബോധന ചെയ്യുന്നതിന്റെ ചുവടുപിടിച്ചാണ് വികസനരാഷ്ട്രീയം കൂടുതൽ ചർച്ചയാകുന്നത്. LDF-നെ മൂന്നാം തവണയും

ജനങ്ങൾ അധികാരമേറ്റും എന്ന ആത്മവിശ്വാസത്തോടെയാണ് മുഖ്യമന്ത്രി മാധ്യമങ്ങളെ കാണുന്നതും തെരഞ്ഞെടുപ്പു യോഗങ്ങളിൽ പ്രസംഗിക്കുന്നതും.

ഡെസ്ക്ക് റിപ്പോർട്ട്

......(വോയ്സ്)...

മുഖ്യമന്ത്രി ഉയർത്തിക്കാട്ടുന്ന വാദമുഖങ്ങളുടെ മുനയൊടിക്കാൻ ശ്രമിക്കുകയാണ് പ്രതിപക്ഷ നേതാവ് വിഡി സതീശൻ. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായെന്നും മുഖ്യമന്ത്രിയുടേത് വെറും അവകാശവാദം മാത്രമാണെന്നുമാണ് വിഡി സതീശന്റെ നിലപാട്.

ഗവൺമെന്റിന്റെ നേട്ടങ്ങൾ സംബന്ധിച്ച് സംവാദത്തിന് തയ്യാറാണെന്ന് മുഖ്യമന്ത്രിയും വെല്ലുവിളി ഏറ്റെടുക്കുമെന്ന് പ്രതിപക്ഷ നേതാവും കഴിഞ്ഞ ദിവസം പ്രതികരിച്ചു. എന്നാൽ സംവാദം ഫേസ്ബുക്കിൽ ആകാമെന്നാണ് മുഖ്യമന്ത്രി പറയുന്നത്. പൊതുജന മധ്യത്തിൽ സംവാദം നടത്താനാണ് ആഗ്രഹമെന്ന് പ്രതിപക്ഷനേതാവും പ്രതികരിച്ചു.

NDA മുന്നണിയാകട്ടെ, പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വികസന സങ്കല്പങ്ങൾ ജനങ്ങളിലെത്തിക്കാനാണ് പരമാവധി ശ്രമിക്കുന്നത്. LDF ഉം UDF ഉം സംസ്ഥാന വികസനം മുരടിപ്പിക്കുകയാണെന്നും രണ്ട് മുന്നണികളും ഒരുപോലെയാണെന്നും ആവർത്തിച്ചുറപ്പിച്ചാണ് NDA പ്രചാരണം നടത്തുന്നത്.

BJP യുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് നേതൃത്വം നൽകാൻ പാർട്ടി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ ഇന്ന് തിരുവനന്തപുരത്ത് എത്തും. ഇടപ്പഴഞ്ഞിയിൽ തെരഞ്ഞെടുപ്പിന്റെ 'NDA വികസിത കേരളം' മാർഗരേഖ അദ്ദേഹം പ്രകാശനം ചെയ്യും. സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറാണ് 'ഇതാണ് മാറ്റം, ഇതാണ് വികസിത കേരളം' എന്ന വികസന മാർഗരേഖ പുറത്തിറക്കുന്നത്. ഉച്ചക്ക് ആറ്റിങ്ങലിൽ നിതിൻ നബീൻ റോഡ് ഷോ നടത്തും. തുടർന്ന് വൈകിട്ട് മലപ്പുറം താനൂരിലെ പൊതുസമ്മേളനത്തിൽ പങ്കെടുക്കും. പിന്നീട് കൊല്ലത്ത് NDA കരുനാഗപ്പള്ളി സ്ഥാനാർത്ഥിക്കുവേണ്ടി സംഘടിപ്പിക്കുന്ന റോഡ് ഷോയിൽ പങ്കെടുക്കും.

നാളെ കണ്ണൂർ ജില്ലയിൽ മട്ടന്നൂരിലും കൂത്തുപറമ്പിലും റോഡ് ഷോകളിൽ നിതിൻ നബീൻ പങ്കെടുക്കും. വൈകിട്ട് മൂന്നിന് പാനൂരിൽ പൊതുയോഗത്തിലും നിതിൻ നബീൻ പങ്കെടുക്കും.

കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ്, NDA സ്ഥാനാർത്ഥികളുടെ പ്രചാരണത്തിന് നാളെ തിരുവനന്തപുരത്തെത്തും.

✪✪✪

കേരളത്തിൽ LDF ന്റെ മൂന്നാം ഭരണം ജനങ്ങൾ ആഗ്രഹിക്കുന്നില്ലെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് AK ആന്റണി പറഞ്ഞു. ജനത്തെ കാണാൻ മടിക്കുന്ന മുഖ്യമന്ത്രിയാണ് കേരളത്തിലേതെന്നും, ഭരണമാറ്റം ഉറപ്പാണെന്നും ജനം വിധി എഴുതിക്കഴിഞ്ഞെന്നും AK ആന്റണി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

CPIM തീവ്ര വലതുപക്ഷമായി മാറിയെന്ന് ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. കേരളത്തിൽ BJP യും CPIM ഉം തമ്മിൽ കൂട്ടുകച്ചവടമാണെന്നും കണ്ണൂരിൽ UDF തെരഞ്ഞെടുപ്പ് പ്രചാരണ യോഗത്തിൽ രാഹുൽ ഗാന്ധി ആരോപിച്ചു.

✪✪✪

സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ തിളങ്ങുന്ന അധ്യായമാണ് വിഴിഞ്ഞമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ട്രാൻസ്ഷിപ്പ് രംഗത്ത് വിഴിഞ്ഞത്തിന് വലിയ സാധ്യതകളുണ്ടെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് അഭിപ്രായപ്പെട്ടു. BJP യ്ക്കെതിരെ ശക്തമായ നിലപാടെടുക്കുന്ന LDF നെ മുന്നണിയിൽപ്പെടാത്ത ആളുകൾ പിന്തുണയ്ക്കാറുണ്ടെന്നും, അവരുടെ പിന്തുണ വേണ്ടെന്ന് പറയാറില്ലെന്നും മുഖ്യമന്ത്രി പ്രതികരിച്ചു. SDPI പിന്തുണ LDF ആവശ്യപ്പെട്ടിട്ടില്ലെന്നും, BJP തോൽക്കണമെന്ന് ആഗ്രഹിക്കുന്നവർ കഴിഞ്ഞ തവണ വോട്ട് ചെയ്തിട്ടുണ്ടാവാമെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

ഭൂരിപക്ഷ വർഗീയതയും ന്യൂനപക്ഷ വർഗീയതയും ആപത്താണെങ്കിലും സമൂഹത്തിലുണ്ടാക്കുന്ന ഭീഷണിയുടെ തോതിൽ വ്യത്യാസമുണ്ടെന്ന് CPIM ജനറൽ സെക്രട്ടറി MA ബേബി അഭിപ്രായപ്പട്ടു. ജമാത്തെ ഇസ്ലാമിയോട് സമീപനം മൃദുവാകുന്നുണ്ടോ എന്ന ചോദ്യത്തിന് വയനാട്ടിൽ മറുപടി പറയുകയായിരുന്നു ബേബി. പിണറായി വിജയൻ നരേന്ദ്ര മോദി പറയുന്നത് അനുസരിക്കുന്ന ആളെന്ന രാഹുൽ ഗാന്ധിയുടെ ആരോപണം അസംബന്ധമാണെന്നും ബേബി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ശബരിമല വിഷയത്തെക്കുറിച്ച് സംസാരിക്കുന്നില്ലെന്ന രാഹുൽഗാന്ധിയുടെ ആരോപണം അടിസ്ഥാനരഹിത മാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ഇക്കാര്യത്തിൽ രാഹുൽഗാന്ധി കൂടുതൽ വായിച്ച് പഠിക്കണമെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് വരവ് - ചെലവ് കണക്കുകളുടെ ആദ്യ പരിശോധന കണ്ണൂരിൽ ഇന്ന് നടത്തും. ഏപ്രിൽ നാല്, ഏഴ് തീയതികളിലും ചെലവ് നിരീക്ഷകർ കണക്ക് പരിശോധിക്കുമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ കളക്ടർ അറിയിച്ചു.

✪✪✪

ഹരിത നിയമസഭ തെരഞ്ഞെടുപ്പ് പ്രചരണത്തിന് കണ്ണൂർ ജില്ലാ ശുചിത്വ മിഷന്റെ ഹരിത വിസ്മയം മാജിക് ഷോ പ്രചാരണയാത്ര ഇന്ന് തുടങ്ങും. 'വോട്ട് ചെയ്യുന്നതിനോടൊപ്പം ഭൗമ സംരക്ഷണവും' എന്ന ആശയത്തോടെയാണ് മാജിക് ഷോ.

✪✪✪

തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ നിയമസഭാ തിരഞ്ഞെടുപ്പ് ഒന്നാം ഘട്ട നാമനിർദ്ദേശ പത്രിക സമർപ്പണം ആരംഭിച്ചു. തമിഴ്നാട്ടിലെ 234 മണ്ഡലങ്ങളിലും ഏപ്രിൽ 23-ന് ഒറ്റഘട്ടമായാണ് വോട്ടെടുപ്പ് .

✪✪✪

ഇന്ന് മഹാവീർ ജയന്തി. രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജൈനമത വിശ്വാസികൾക്ക് ആശംസ നേർന്നു. മഹാവീരന്റെ സത്യം, അഹിംസ, കരുണ എന്നീ സന്ദേശങ്ങൾ ഇന്നും ലോകത്തിന് വഴികാട്ടിയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഗുജറാത്തിലെ ഗാന്ധിനഗറിൽ 'സമ്രാട്ട് സമ്പ്രതി' മ്യൂസിയം പ്രധാനമന്ത്രി നരേന്ദ്ര മോദി നാടിന് സമർപ്പിച്ചു. ജൈന ചരിത്രത്തെയും സമ്രാട്ട് സമ്പ്രതിയുടെ അഹിംസയിലധിഷ്ഠിതമായ ഭരണകാലത്തെയും അനുസ്മരിക്കുന്നതാണ് കൊബെയിലെ മ്യൂസിയം.

സാനന്ദിലെ സെമി കണ്ടക്ടർ പ്ലാന്റ് ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി, പുതുതായി രൂപീകരിച്ച വാവ്-ഥരാദ് ജില്ലയിൽ 19,800 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടുകയും ചെയ്യും.

✪✪✪

രാജ്യത്തെ ആദായനികുതി നിയമങ്ങളിൽ വലിയ മാറ്റങ്ങൾ വരുന്നു. 60 വർഷം പഴക്കമേറിയ നിയമത്തിന് പകരം പുതിയ 'ഇൻകം ടാക്സ് ആക്ട് 2025' നാളെ നിലവിൽ വരും. നികുതി റിട്ടേൺ സമർപ്പിക്കാൻ സമയപരിധിയിൽ മാറ്റം വരുത്തിയതിനൊപ്പം, മെട്രോ നഗരങ്ങളിലെ വീട്ടുവാടക ഇളവുകൾ വർദ്ധിപ്പിക്കാനും നികുതി നടപടികൾ ലഘൂകരിക്കാനും പുതിയ നിയമം ലക്ഷ്യമിടുന്നു.

✪✪✪

നാസയുടെ ചാന്ദ്ര ദൗത്യമായ ആർട്ടെമിസ് II നാളെ ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നിന്ന് വിക്ഷേപിക്കും. ഏപ്രിൽ രണ്ടിന് ഇന്ത്യൻ സമയം പുലർച്ചെ 3-54 നാണ് വിക്ഷേപണം. 1972-ലെ അവസാന അപ്പോളോ ദൗത്യത്തിനുശേഷം ഇതാദ്യമായാണ് ചന്ദ്രനിൽ സ്ഥിരമായ മനുഷ്യസാന്നിധ്യം ലക്ഷ്യമിട്ട് നാസ ദൗത്യത്തിന് തുടക്കമിടുന്നത്.

✪✪✪

റിസർവ് ബാങ്ക് ഓഹരി വിപണിയുമായി ബന്ധപ്പെട്ട പുതിയ നിയമങ്ങൾ നടപ്പിൽ വരുത്തുന്നത് മൂന്നു മാസത്തേക്ക് നീട്ടി. ഏപ്രിൽ ഒന്നിന് നടപ്പാക്കേണ്ടിയിരുന്ന നിയമങ്ങൾ ജൂലായ് ഒന്നിനായിരിക്കും പ്രാബല്യത്തിൽ വരിക. ബാങ്കുകളുടെയും ഓഹരി മാർക്കറ്റുകളുടെയും, വ്യവസായ മേഖലയുടെയും അഭ്യർത്ഥന പ്രകാരമാണ് നടപടി.

✪✪✪

ദുബായ് തീരത്ത് കുവൈറ്റിന്റെ എണ്ണക്കപ്പലിന് നേരെ ഇറാൻ ഡ്രോൺ ആക്രമണം നടത്തി. അൽ സാൽമി എന്ന കപ്പലിൽ 20 ദശലക്ഷം ബാരൽ ക്രൂഡ് ഓയിൽ ഉണ്ടായിരുന്നു. ആക്രമണത്തെ തുടർന്ന് കപ്പലിന് തീപിടിച്ചു. 24 കപ്പൽ ജീവനക്കാരെയും രക്ഷിച്ചതായും തീപിടുത്തം നിയന്ത്രണവിധേയമാക്കിയതായും കുവൈറ്റ് പെട്രോളിയം കോർപറേഷൻ അറിയിച്ചു. എന്നാൽ കടലിൽ എണ്ണച്ചോർച്ചയുണ്ടാകാൻ സാധ്യതയുണ്ടെന്ന് അവർ വെളിപ്പെടുത്തി.

✪✪✪

സപ്ലൈകോ ഈസ്റ്റർ - വിഷു ഫെയറുകൾ നാളെ ആരംഭിക്കും. ഏപ്രിൽ 14 വരെ ഇവ പ്രവർത്തിക്കും. സപ്ലൈകോ മാവേലി സ്റ്റോറുകൾ ഒഴികെ വില്പനശാലകളാണ് ഈസ്റ്റർ - വിഷു ഫെയറുകളായി മാറുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകിട്ട് ഏഴരക്ക് ന്യൂ ചണ്ഡീഗഡിലാണ് മത്സരം.

✪✪✪

നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സ് കണ്ണൂരിൽ സംഘടിപ്പിച്ച ചേംബർ വിൻസ്മേര ഗോൾഡ് കപ്പ് ഫുട്ബോൾ ടൂർണമെന്റിൽ ABC ഗ്രൂപ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ചാമ്പ്യന്മാരായി. മട്ടന്നൂർ PKK എന്റർപ്രൈസസിനെയാണ് അവർ തോൽപ്പിച്ചത്.

✪✪✪

പന്നിയാർ ജലവൈദ്യുതി പദ്ധതിയുടെ ഭാഗമായ ആനയിറങ്കൽ ഡാമിന്റെ ഷട്ടറുകൾ നാളെ തുറക്കും. പുഴയോരവാസികൾക്ക് അധികൃതർ ജാഗ്രതാ നിർദ്ദേശം നൽകി .

✪✪✪

തിരുവനന്തപുരത്തിനും കന്യാകുമാരിക്കുമിടയിൽ റെയിൽപ്പാത നവീകരിക്കുന്നതിനെ തുടർന്ന് ഇന്നത്തെ മംഗലൂരു - തിരുവനന്തപുരം ഏറനാട് എക്സ്പ്രസ് കൊല്ലം ജംഗ്ഷനിൽ യാത്ര അവസാനിപ്പിക്കും. ഇന്നത്തെ കന്യാകുമാരി - പരശുറാം എക്സ്പ്രസും തിരുവനന്തപുരത്ത് യാത്ര അവസാനിപ്പിക്കും.

✪✪✪

ഇടുക്കി മറയൂരിൽ ജനവാസ മേഖലയിലിറങ്ങിയ കാട്ടുപോത്തിന്റെ ആക്രമണത്തിൽ രണ്ട് പേർക്ക് പരിക്കേറ്റു. മറയൂർ പഞ്ചായത്ത് ഓഫീസിൽ കയറിയ കാട്ടുപോത്തിനെ വനംവകുപ്പും നാട്ടുകാരും ചേർന്ന് ഏറെ ശ്രമിച്ചാണ് പോത്തിനെ പുറത്താക്കിയത്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് ദിവസം എറണാകുളം, തിരുവനന്തപുരം ജില്ലകളിലെ സമ്മതിദായകർക്ക് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയവുമായി സഹകരിച്ച് 'യൂബർ ഇന്ത്യ' സൗജന്യ യാത്രാപദ്ധതി ഒരുക്കി. യാത്രാ സൗകര്യങ്ങളുടെ കുറവുമൂലം പോളിംഗ് ശതമാനം കുറയാതിരിക്കാനാണ് നടപടി. യൂബർ ആപ്പിലൂടെ കാർ, ഓട്ടോ, അല്ലെങ്കിൽ ബൈക്ക് എന്നീ വിഭാഗങ്ങളിൽ ബൂത്തിന് രണ്ട് കിലോമീറ്റർ പരിധിയിലാണ് സൗജന്യയാത്ര. അതിൽ കൂടുതൽ ദൂരത്തിന് യൂബർ നിശ്ചയിച്ച തുക നൽകണം. പ്രായമായവരും, ശാരീരിക ബുദ്ധിമുട്ടുകൾ നേരിടുന്നവരും ഈ സേവനം പ്രയോജനപ്പെടുത്തണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News team : അനിൽ ചന്ദ്രൻ. രജിന കെ*
*DEO: ഷീബ*